REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ നിയുക്ത MLA-മാരുടെ സത്യപ്രതിജ്ഞ മറ്റന്നാൾ. നിയമസഭയുടെ പ്രത്യേക സമ്മേളനം 21,22 തീയ്യതികളിൽ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് റോമിലെത്തും.**
- **എബോള വൈറസ് രോഗസാഹചര്യം ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് ആരോഗ്യ മന്ത്രാലയം.**
- **സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 9 ജില്ലകളിൽ മഞ്ഞ ജാഗ്രത. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.**
- **ISL ഫുട്ബാളിൽ കേരള ബ്ലാസ്റ്റേഴ്സ് , ഗോവയെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ നിയുക്ത MLA-മാരുടെ സത്യപ്രതിജ്ഞ മറ്റന്നാൾ. പ്രോ ടെം സ്പീക്കർ G സുധാകരന് മുന്നിലായിരിക്കും പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നത്.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

...........വോയ്സ്........

എംഎൽഎമാരുടെ സത്യപ്രതിജ്ഞ, സ്പീക്കർ തെരഞ്ഞെടുപ്പ് എന്നിവയ്ക്കായി പുതിയ നിയമസഭയുടെ പ്രത്യേക സമ്മേളനം ഈ മാസം 21,22 തീയ്യതികളിൽ നടത്തും. ഇതിനായി പ്രത്യേക സമ്മേളനം വിളിച്ചു

ചേർക്കാൻ ഇന്നലെ ചേർന്ന ആദ്യ മന്ത്രിസഭാ യോഗം ഗവർണറോടു ശുപാർശ ചെയ്തു. മെയ് 29-ന് ഗവർണറുടെ നയപ്രഖ്യാപനം നടത്താനും മന്ത്രിസഭാ യോഗം ശുപാർശ ചെയ്തിട്ടുണ്ട്. പ്രോ ടേം സ്പീക്കറായി ജി സുധാകരനെ നിയമിക്കും. വ്യാഴാഴ്ച പ്രോ ടേം സ്പീക്കർക്കു മുന്നിലായിരിക്കും മറ്റ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുക. വെള്ളിയാഴ്ചയായിരിക്കും സ്പീക്കർ തെരഞ്ഞെടുപ്പ്. തിരുവഞ്ചൂർ രാധാകൃഷ്ണനെ സ്പീക്കർ സ്ഥാനാർത്ഥിയാക്കാനാണ് ഭരണ പക്ഷം തീരുമാനിച്ചിട്ടുള്ളത്.

✪✪✪

നോർവെയുടെ പരമോന്നത ബഹുമതിയായ 'ഗ്രാൻറ് ക്രോസ് ഓഫ് ദി റോയൽ നോർവീജിയൻ ഓർഡർ ഓഫ് മെറിറ്റ് 'പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ചതിൽ കേന്ദ്രമന്ത്രിമാരായ അമിത് ഷാ, JP നദ്ദ, പിയൂഷ് ഗോയൽ, മനോഹർ ലാൽ, കിരൺ റിജിജു എന്നിവരുൾപ്പടെ കേന്ദ്രമന്ത്രിമാർ അഭിനന്ദനം അറിയിച്ചു. ഈ അന്താരാഷ്ട്ര പുരസ്കാരം മോദി നേതൃത്വത്തിന്റെ വ്യാപ്തി ലോകത്തിന്റെ തെക്ക് നിന്ന് വടക്കോട്ട് വ്യാപിക്കുന്നതിന്റെ അടയാളമാണെന്ന് അമിത് ഷാ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

അഞ്ച് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഇറ്റാലിയൻ തലസ്ഥാനമായ റോമിലെത്തും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജ്ജിയ മെലോണിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.............

ജോർജ്ജിയ മെലോണിയുമായി ഉഭയകകക്ഷി ചർച്ചകൾ നടത്തുന്ന നരേന്ദ്രമോദി പ്രസിഡന്റ് സെർജിയോ മാറ്ററെല്ലയുമായി കൂടിക്കാഴ്ചയും നടത്തും. ഇറ്റലിയിലെ വ്യവസായ പ്രമുഖരുമായും നിക്ഷേപ സാഹചര്യങ്ങൾ അദ്ദേഹം ചർച്ച ചെയ്യും.

ഇന്നലെ നോർവെയിലെ ഓസ്ലോ-യിൽ നരേന്ദ്രമോദി വ്യവസായ ഗവേഷണ ഉച്ചകോടിയിൽ പങ്കെടുത്തു. കിരീടാവകാശി ഹാക്കോൺ, പ്രധാനമന്ത്രി ജോനാസ് ഗാർ സ്റ്റോറെ എന്നിവരും മോദിയോടൊപ്പം ഉച്ചകോടിയിൽ പങ്കെടുത്തു. 50 ലേറെ പ്രമുഖ കമ്പനി CEO മാർ പരിപാടിയിൽ സംബന്ധിച്ചു.

✪✪✪

പശ്ചിമേഷ്യൻ പ്രതിസന്ധിയിൽ ഇറക്കുമതി തടസ്സങ്ങൾ ഉണ്ടായെങ്കിലും രാജ്യത്തെ റിഫൈനറികൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും രാജ്യത്ത് ആവശ്യത്തിന് ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്നും കേന്ദ്രം അറിയിച്ചു. രാജ്യത്ത് ഒരിടത്തും LPG തടസ്സപ്പെട്ട സാഹചര്യമില്ലെന്നും, പെട്രോളിയം വകുപ്പ് ജോയിന്റ് സെക്രട്ടറി സുജാതശർമ്മ അറിയിച്ചു. ഖാരിഫ് സീസണിലെ രാസവള ലഭ്യത സംസ്ഥാനങ്ങളിൽ 50 ശതമാനത്തിലേറെയാണെന്ന് രാസ വള മന്ത്രാലയ ജോയിന്റ് സെക്രട്ടറി അപർണ S ശർമ്മയും പറഞ്ഞു. ന്യൂഡൽഹിയിൽ അന്തർമന്ത്രാലയ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു വകുപ്പ് സെക്രട്ടറിമാർ.

✪✪✪

കോംഗോയിലും ഉഗാണ്ടയിലും കണ്ടെത്തിയ എബോള വൈറസ് രോഗസാഹചര്യം ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് ആരോഗ്യ മന്ത്രാലയം അറിയിച്ചു. രോഗത്തിന്റെ ഗുരുതരാവസ്ഥയും സ്വീകരിക്കേണ്ട മുൻകരുതലും മന്ത്രാലയം ICMR അടക്കം വിദഗ്ദ്ധ സമിതികളുമായി ചർച്ച ചെയ്ത് കഴിഞ്ഞു. ഇന്ത്യയിൽ രോഗസാധ്യത വിരളമാണെങ്കിലും കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോംഗോയിൽ ആഴ്ചകൾക്ക് മുമ്പ് തുടങ്ങിയ എബോള ബാധയിൽ ഇതുവരെ 118 പേരാണ് മരിച്ചത്. മൂന്നൂറിലേറെ പേരിൽ രോഗ ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലോകാരോഗ്യ സംഘടന സാഹചര്യം കണക്കിലെടുത്ത് ആരോഗ്യ അടിയന്തരാവസ്ഥ ഏർപ്പെടുത്തി.

✪✪✪

ജസ്റ്റിസ് യശ്വന്ത് വർമയ്ക്കെതിരായ ആരോപണം അന്വേഷിക്കുന്ന ജഡ്ജിമാരുടെ അന്വേഷണ സമിതി ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് റിപ്പോർട്ട് കൈമാറി. അന്വേഷണ റിപ്പോർട്ട് പാർലമെന്റിന്റെ ഇരു സഭകളിലും മേശപ്പുറത്ത് വെക്കും. കഴിഞ്ഞ ഓഗസ്റ്റ്, 12നാണ് ലോക്സഭാ സ്പീക്കർ അന്വേഷണ സമിതി രൂപീകരിച്ചത്

✪✪✪

ഇറാനെതിരെ നടത്താനിരുന്ന സൈനികാക്രമണം, ചർച്ചകൾ ഗൗരവമായി തുടരുന്ന സാഹചര്യത്തിലും, ഗൾഫ് രാജ്യങ്ങളുടെ ആവശ്യപ്രകാരവും തൽകാലം മാറ്റി വെച്ചതായി US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ഖത്തർ അമീറും, സൗദി രാജകുമാരനും, UAE പ്രസിഡന്റും ആക്രമണം മാറ്റിവെക്കാൻ അഭ്യർത്ഥിച്ചതായി ട്രംപ് ട്രൂത്ത് സോഷ്യലിൽ അറിയിച്ചു.

ഹോർമൂസ് കടലിടുക്കിലെ കപ്പൽ ഗതാഗതം നിരീക്ഷിക്കാനും ഇടപെടാനും പുതിയ നിയന്ത്രണ അതോറിറ്റി രൂപീകരിച്ചതായി ഇറാൻ അറിയിച്ചു. കടലിടുക്കിൽ പ്രവേശിക്കാനും കടന്നുപോകാനും വിദേശ കപ്പലുകൾ അതോറിറ്റിയുടെ മാർഗ നിർദേശങ്ങൾ പാലിക്കണം.

അതിനിടെ, ഇസ്രായേൽ - ഹിസ്ബുള്ള ഏറ്റുമുട്ടലിൽ ലെബനനിൽ ഇതുവരെ മരിച്ചവരുടെ എണ്ണം 3000 കവിഞ്ഞതായി ലെബനീസ് ആരോഗ്യമന്ത്രാലയം അറിയിച്ചു. ഇവരിൽ 292 സ്ത്രീകളും 211 കുട്ടികളും ഉൾപ്പെടുന്നതായി ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

റഷ്യൻ ക്രൂഡ് ഓയിലിന് ഏർപ്പെടുത്തിയിരുന്ന ഉപരോധ ഇളവ് അമേരിക്ക ഒരു മാസം കൂടി നീട്ടി. നിലവിൽ റഷ്യയിൽ നിന്ന് പുറപ്പെട്ട കപ്പലുകൾക്കാണ് ഈ ആനുകൂല്യമെന്ന് US കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

മഹാരാഷ്ട്രയിൽ പാൽഘർ ജില്ലയിലെ ധനിവാരിയിൽ കണ്ടെയ്നർ ട്രക്കും ടെമ്പോയും കൂട്ടിയിടിച്ച് 13 പേർ മരിച്ചു. 20 പേർക്ക് ഗുരുതരമായി പരിക്കേറ്റു.

അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങളെ രാഷ്ട്രപതി ദ്രൗപതിമുർമു അനുശോചനം അറിയിച്ചു. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതായി രാഷ്ട്രപതി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മഹാരാഷ്ട്ര ഗവണ്മെന്റ് അഞ്ച് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് അറിയിച്ചു.

✪✪✪

ക്ഷേത്രങ്ങളിലെ സ്വർണ ശേഖരം ഏറ്റെടുത്ത് കേന്ദ്രം സ്വർണ ബോണ്ടുകൾ പുറപ്പെടുവിക്കുമെന്ന സാമൂഹ്യമാധ്യമ പ്രചാരണം അടിസ്ഥാന രഹിതമാണെന്ന് ഗവൺമെന്റ് വ്യക്തമാക്കി. ഗവൺമെന്റ് ഇക്കാര്യം ചിന്തിച്ചിട്ടില്ലെന്ന് PIB ഫാക്ട് ചെക്ക് യൂണിറ്റ് അറിയിച്ചു. വ്യാജ വാർത്തകൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും ഔദ്യോഗിക കേന്ദ്രങ്ങൾ നൽകുന്ന വാർത്തകളെ മാത്രം വിശ്വസിക്കണമെന്നും PIB അഭ്യർത്ഥിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പാണിത്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ

ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കാസർഗോഡ്, കണ്ണൂർ, ഇടുക്കി, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪

Unique Identification Authority കേരളത്തിൽ എല്ലാ ജില്ലകളിലും പുതുതായി ആരംഭിക്കുന്ന പുതിയ ആധാർ സേവാ കേന്ദ്രങ്ങളിൽ ആദ്യത്തേത് തൃശ്ശൂരിൽ ഇന്ന് പ്രവർത്തനമാരംഭിക്കും. ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ കേന്ദ്രം ഉദ്ഘാടനം ചെയ്യും.

✪✪✪

ഈ വർഷത്തെ പ്ലസ് ടു പരീക്ഷാഫലം അടുത്ത ചൊവ്വാഴ്ച. ഉച്ച കഴിഞ്ഞ് മൂന്നിനായിരിക്കും ഔദ്യോഗിക ഫലപ്രഖ്യാപനം. 'നമ്മുടെ കേരളം' ആപ്പിലൂടെ ഫലം തത്സമയം അറിയാം. ഔദ്യോഗിക വെബ്സൈറ്റുകളിലും ഫലം ലഭ്യമാകും.

✪✪✪

ആശാപ്രവർത്തകരുടെ വേതനത്തിൽ ഇന്നലെ മുഖ്യമന്ത്രി VD സതീശൻ വരുത്തിയ 3000 രൂപ വർദ്ധന മല എലിയെ പ്രസവിച്ചതിന് തുല്യമാണെന്ന് മുൻ ധനമന്ത്രി KN ബാലഗോപാൽ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. കഴിഞ്ഞ ആറ് മാസങ്ങളിൽ 2000 രൂപയുടെ വർദ്ധന ഇടതു ഗവൺമെന്റ് തന്നെ നടപ്പാക്കിയിരുന്നുവെന്ന് ബാലഗോപാൽ അറിയിച്ചു.

✪✪✪

ഗുണമേന്മയേറിയ വിഷരഹിത തണ്ണിമത്തൻ വിപണിയിലെത്തിച്ച് കാസർക്കോട്ടെ കുടുംബശ്രീ മാതൃകയാകുന്നു.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ

........വോയ്സ്..........

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്, FC ഗോവയെ പരാജയപ്പെടുത്തി. കൊച്ചിയിൽ ഒന്നിനെതിനെതിരെ രണ്ട് ഗോളിനാണ് ബ്ലാസ്റ്റേഴ്സിന്റെ വിജയം.

ഇന്ന് ഗോഹട്ടിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, മുഹമ്മദൻ SC യെ നേരിടും. വൈകിട്ട് അഞ്ചിനാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർ കിംഗ്സിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ, ഒരു മത്സരം കൂടി ശേഷിക്കുമ്പോൾ 16 പോയിന്റുമായി സൺറൈസേഴ്സ്, പ്ലേ ഓഫ് ബെർത്ത് ഉറപ്പാക്കി.

ഇന്ന് രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട്ട് കാറിൽ കടത്താൻ ശ്രമിച്ച 70 ഗ്രാമിലേറെ MDMA യുമായി രണ്ട് യുവാക്കളെ ഡാൻസാഫും ചേവായൂർ പൊലീസും ചേർന്ന് പിടികൂടി. NGO ക്വാർട്ടേഴ്സിന് സമീപം വാഹന പരിശോധനയിലാണ് ലഹരിമരുന്ന് കണ്ടെടുത്തത്.

കുറ്റിക്കാട് സ്വദേശി മുഹമ്മദ് മിഖ്ദാദ്, ചേളന്നൂരിലെ ജാഫർ സാദിക്ക് എന്നിവരെ അറസ്റ്റ് ചെയ്തു.

✪✪✪

കോഴിക്കോട് മാനാഞ്ചിറയിലെ കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി കെട്ടിടവും പരിസരവും നഗരത്തിലെ പ്രധാന ലഹരി ഉപയോഗ - വിപണന കേന്ദ്രമായെന്ന പരാതിയെക്കുറിച്ച് അടിയന്തര അന്വേഷിക്കണത്തിന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് നിർദ്ദേശം നൽകി. ജില്ലാ കളക്ടറും സിറ്റി പോലീസ് കമ്മീഷണറും 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. ജൂണിൽ കോഴിക്കോട്ടെ സിറ്റിംഗിൽ കേസ് വീണ്ടും പരിഗണിക്കും.

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

കണ്ണൂർ എടയന്നൂരിലെ ഷുഹൈബ് വധക്കേസിൽ തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണ ആരംഭിച്ചു. അഞ്ചു പ്രതികളെ ഒന്നാംസാക്ഷി തിരിച്ചറിഞ്ഞു. 2018 ഫെബ്രുവരി 12-ന് എടയന്നൂർ തെരൂരിലാണ് ഷുഹൈബിനെ കൊലപ്പെടുത്തിയത്. ജൂലായ് 10 വരെ നീളുന്ന വിചാരണയിൽ 142 സാക്ഷികളെ വിസ്തരിക്കും.

✪✪✪

*News Editor & News reader : അനിൽ ചന്ദ്രൻ*
*News Team: ശരണ്യ രാജൻ, പ്രവീൺ*
*DEO : സികെ സുബോധ്*